## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1124

20.1.2014 ലെ മറുപടിക്ക്

### പ്രധാന അദ്ധ്യാപകരെ അദ്ധ്യയന ചുമതലയിൽ നിന്നും ഒഴിവാക്കി സർക്കാർ വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>( ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരെ അദ്ധ്യയന ചുമതലയിൽ നിന്നും ഒഴിവാക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;<br><br>(ബി) ഇത് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ എത്ര വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്കൂളുകൾക്കാണ് ബാധകമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്<br>കേന്ദ്രവിദ്യാഭ്യാസഅവകാശനിയമം അനുശാസിക്കും വിധം 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി.സ്കൂളുകളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി.സ്കൂളുകളിലും പ്രധാനാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിക്കൊണ്ട് സ.ഉ.(പി) 256/11/പൊവിവ പ്രകാരം (അനുബന്ധം -1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇത്തരത്തിലുണ്ടാകുന്ന ഒഴിവുകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്നാണോ ദിവസക്കൂലി വ്യവസ്ഥയിലാണോ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) & (ഡി) ഇത്തരത്തിൽ സർക്കാർ സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകളിൽ ദിവസക്കൂലി വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിക്കണമെന്നും, ഇപ്രകാരം നിയമിക്കുമ്പോൾ അതാത് ജില്ലകളിലെ എൽ.പി.എസ്.എ, യു.പി.എസ്.എ തസ്തികയിലെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ അപേക്ഷകരായുണ്ടെങ്കിൽ അവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ നടത്തുന്ന നിയമനത്തിൽ മുൻഗണന നൽകണമെന്നും 6.8.2012 ലെ ജി.ഒ(ആർ.റ്റി)3778/12/പൊവിവ നമ്പർ ഉത്തരവിലും (അനുബന്ധം-2) |

11.10.2012 ലെ 58680/ജെ1 / 12/പൊവിവ നമ്പർ സർക്കുലറിലും (അനുബന്ധം -3) നിഷ്കർഷിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഇപ്രകാര മുണ്ടാവുന്ന ഒഴിവുകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്നും അദ്ധ്യാപകരെ നിയമിക്കണമെന്ന് 1.10.2011 ലെ ജി.ഒ(പി) 199/11/പൊവിവ പ്രകാരമുള്ള അദ്ധ്യാപക പാക്കേജിലെ ഖണ്ഡിക 6B (X) ലും നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**